# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**VOL. XXXXIX/FK- 95 — 2016 JULY 20 — NO. 8**


## PASTORAL LETTER

# വരാപ്പുഴ അതിരൂപതാ സിനഡനന്തര പ്രവർത്തനങ്ങൾ

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതനുസരിച്ച് ക്രിസ്തുവിന്റെ സഭയ്ക്ക് ഒരു നിയോഗമുണ്ട്. എല്ലാ മനുഷ്യരിലും ജനപദങ്ങളിലും ദൈവസ്നേഹം പകർന്നുകൊടുക്കുക എന്നതാണത് (AG 10) ഈ ദൗത്യനിർവഹണത്തിൽ സഭയിലെ അല്മായരുടെ ഒട്ടും കുറയാത്ത തീക്ഷ്ണതയും സഹകരണവും ആവശ്യമാണ് (AA 1). വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനമനുസരിച്ച് സഭാംഗങ്ങളുടെ ശുശ്രൂഷയിലുള്ള വൈവിധ്യമാർന്ന കഴിവുകൾ (AA 2) കാലോചിതമായ രീതിയിൽ പ്രയോജനപ്പെടുത്തുക എന്നത് വരാപ്പുഴ അതിരൂപതാസിനഡിന്റെ സുപ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നു.

പുരോഹിതരും സന്ന്യസ്തരും അല്മായരും സഭയുടെ പുരോഗതിക്ക് ഒറ്റക്കെട്ടായി നിലകൊള്ളണം എന്ന പങ്കാളിത്തത്തിന്റെ ദൈവശാസ്ത്രമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ശുശ്രൂ

ഷാരംഗത്ത് സഭ ഇക്കാലമത്രയും തുടർന്നുപോന്നത്. സഭാമക്കൾ കൂട്ടുത്തരവാദിത്വത്തോടും സേവനമനോഭാവത്തോടും കൂടെയാണ് സഭാപരമായ കർത്തവ്യങ്ങൾ ഏറ്റെടുക്കേണ്ടത്. ഓരോ വ്യക്തിയും താൻ സ്വീകരിച്ച ദാനങ്ങളിലൂടെ സഭയുടെ ദൗത്യത്തിൽ ഒരേ സമയം സാക്ഷിയും ഉപകരണവുമാണ് (LG 44).

കാനോൻനിയമം 896 അനുശാസിക്കുന്നതുപോലെ മെത്രാനോടുചേർന്ന് വൈദികർ നല്ലിടയനായ ക്രിസ്തുവിനെ അനുകരിച്ച് മക്കളെ എന്നപോലെ അജഗണങ്ങളെ പരിപാലിക്കണം. യോഗ്യത ഉള്ളവരായി കാണപ്പെടുന്ന അല്മായർ, സഭാധികാരികളിൽ നിന്ന് നിയമാനുസൃതം തങ്ങൾക്കു നിർവഹിക്കാവുന്ന സഭാപരമായ ഉദ്യോഗങ്ങളും ശുശ്രൂഷകളും ഏറ്റെടുക്കുന്നതിൽ വിമുഖത കാണിക്കരുത്.

നമ്മുടെ അതിരൂപതയിലെ ഭരണനിർവഹണ സംവിധാനങ്ങളിൽ അല്മായ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് അതിരൂപതാസിനഡിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായിരുന്നല്ലോ. “നവജീവനിലേക്ക് ഒരു തീർത്ഥാടനം: വിശ്വാസം, പങ്കാളിത്തം, സമൂഹനിർമിതി” എന്ന സിനഡിന്റെ ആപ്തവാക്യം തന്നെ അത് വ്യക്തമാക്കുന്നുണ്ട്. സിനഡിനുശേഷം അല്മായ പങ്കാളിത്തത്തോടെ അതിരൂപതയിലാകമാനം വ്യത്യസ്ത മേഖലകളിൽ നടപ്പിലായിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി കൈവന്ന ഉണർവും ഉന്മേഷവും നമുക്കു സന്തോഷവും പ്രത്യാശയും പകരുന്നതാണ്.

സിനഡിനു മുൻപും ശേഷവും നാം ചെയ്തുപോന്ന പ്രവർത്തനങ്ങളൊക്കെയും സമയാസമയങ്ങളിൽ അതിരൂപതയിലെ വിശ്വാസിസമൂഹത്തെ അറിയിക്കുന്നതിനും ഏവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നതിനും നാം ബദ്ധശ്രദ്ധരായിരുന്നിട്ടുണ്ട്. അതിരൂപതാ സിനഡിന്റെ വെളിച്ചത്തിൽ നാളിതുവരെ നാം ചെയ്ത സുപ്രധാനപ്രവർത്തനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു.

## ശുശ്രൂഷാസമിതികളുടെ രൂപീകരണം

കേരള ലത്തീൻ കത്തോലിക്കാ കൗൺസിലിന്റെ (KRLCC) നിർദേശാനുസരണം നമ്മുടെ അതിരൂപതയിലെ വിവിധശുശ്രൂഷാ

സംവിധാനങ്ങളെ അജപാലനം, കുടുംബം, സാമൂഹ്യം, യുവത്വം, വിദ്യാഭ്യാസം, അല്മായർ എന്നിങ്ങനെ ആറു ശുശ്രൂഷാസമിതികളായി രൂപീകരിക്കുകയും ഓരോന്നിനും അതിരൂപതാതലത്തിൽ ഡയറക്ടർമാരെയും സമിതിഅംഗങ്ങളെയും നിയമിക്കുകയും ചെയ്തു. ഈ ശുശ്രൂഷാസമിതികളുടെ അടിസ്ഥാനത്തിൽത്തന്നെ അതിരൂപതയിലെ എല്ലാ ഇടവകകളിലും നാം ഒന്നുചേർന്ന് കുടുംബയൂണിറ്റുകളുടെ തിരഞ്ഞെടുപ്പും വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി. ഓരോ ഇടവകയിലും യൂണിറ്റ്, ബ്ലോക്ക്, കേന്ദ്രസമിതി എന്നീ മേഖലകളിൽ വിവിധ ശുശ്രൂഷകൾക്കായുള്ള കോഡിനേറ്റർമാരെയും മറ്റ് ഭാരവാഹികളെയും തിരഞ്ഞെടുക്കുകയും അവർ കർമരംഗങ്ങളിൽ സജീവമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു. കുടുംബയൂണിറ്റ് നേതൃത്വത്തിലേക്ക് താല്പര്യപൂർവം കടന്നുവന്ന എല്ലാ ഭാരവാഹികളെയും ഇത്തരുണത്തിൽ ഞാൻ അഭിനന്ദിക്കുകയും അവർക്ക് അനുഗ്രഹാശിസുകൾ നേരുകയും ചെയ്യുന്നു.

## കമ്മീഷനുകളുടെ രൂപവത്കരണം

അതിരൂപതയിൽ ഇക്കാലമത്രയും പ്രവർത്തിച്ചുപോന്ന വിവിധ ഡിപ്പാർട്ടുമെന്റുകളെ ശുശ്രൂഷകളുടെ സൗകര്യാനുസൃതം കമ്മീഷനുകളായി ഉയർത്തുകയും വിവിധ കമ്മീഷനുകൾക്ക് ഡയറക്ടർമാരെയും മറ്റംഗങ്ങളെയും നിയമിക്കുകയും ചെയ്തു. അതിരൂപതയിൽ ഇന്ന് 24 കമ്മീഷനുകളും ഒരു രാഷ്ട്രീയ കാര്യസമിതിയും ഒരു BCC ഡയറക്ടറേറ്റും പ്രവർത്തിച്ചുപോരുന്നു. ഈ കമ്മീഷനുകളെല്ലാം ആറു ശുശ്രൂഷാസമിതികളുടെ കീഴിലായി സജ്ജീകരിച്ചിരിക്കുന്നു. ഓരോരോ കമ്മീഷനുകളും അവരുടെ നിയമാവലിയും വാർഷികപദ്ധതികളും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

## കുടുംബയൂണിറ്റുകളുടെ മാർഗ്ഗരേഖ

പങ്കാളിത്തവും കൂട്ടുത്തരവാദിത്വവുമുള്ള സഭ എന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ കാഴ്ചപ്പാട് അതിരൂപതാ സിനഡിന്റെ വെളിച്ചത്തിൽ സാക്ഷാത്കരിക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ ഏറ്റവുമധികം ഫലമണിയേണ്ടത് കുടുംബയൂണിറ്റുകളിലാണ്. ഇതിന്റെ വെളിച്ചത്തിലാണ് കുടുംബയൂണിറ്റുകൾക്കായി നാം ഒരു മാർഗരേഖ

പ്രസിദ്ധീകരിച്ചത്. ഈ മാർഗരേഖ അനുസരിച്ചാണ് കുടുംബയൂണിറ്റുകളിൽ തിരഞ്ഞെടുപ്പു നടത്തിയതും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും. ഇതിനു നേതൃത്വം കൊടുത്ത എല്ലാ ബഹുമാനപ്പെട്ട വൈദികർക്കും ഇടവക തലത്തിലുള്ള എല്ലാ അല്മായ നേതാക്കൾക്കും നന്ദി പറയുന്നു.

## ആരാധനക്രമത്തിന്റെ മാർഗരേഖ

സഭ എന്തായിരിക്കുന്നുവോ അത് വെളിപ്പെടുത്തുന്ന വേദിയാണ് ദൈവാരാധന. ദൈവാരാധനയിൽ സഭയുടെ യഥാർത്ഥസ്വഭാവമെന്തെന്ന് കണ്ടെത്താനാവും. നമ്മുടെ അതിരൂപതയിൽ ആരാധനക്രമം സജീവമാകുന്നതിനും അതിൽ ഏകതാനത വരുത്തുന്നതിനുമായി സിനഡ് നിർദേശപ്രകാരം ആരാധനക്രമം സംബന്ധിച്ച മാർഗരേഖയും നാം പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ മാർഗരേഖയെത്തുടർന്ന് എല്ലാ വിശ്വാസികളുടെയും സജീവമായ പ്രാതിനിധ്യവും പങ്കാളിത്തവും ഉറപ്പുവരുത്തിക്കൊണ്ടും ആരാധനക്രമം കൃത്യമായി പാലിച്ചുകൊണ്ടും ആരാധന ആഘോഷപൂർവകമാക്കാൻ ഇതിനകം നമുക്കു കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക താല്പര്യവും ശ്രദ്ധയും പ്രകടിപ്പിക്കുന്ന എല്ലാ ബഹുമാനപ്പെട്ട വൈദികരെയും സന്ന്യസ്തരെയും അല്മായ സഹോദരങ്ങളെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇടവകദേവാലയങ്ങളിലെന്നതുപോലെ, തിരുക്കർമ്മങ്ങൾ കൈകാര്യം ചെയ്യുന്ന ഇതരകേന്ദ്രങ്ങളിലും ആരാധനക്രമത്തിന്റെ മാർഗരേഖയനുസരിച്ചു തന്നെ തിരുക്കർമ്മങ്ങൾ ആഘോഷിക്കണമെന്ന് ഇത്തരുണത്തിൽ ഞാൻ ഓർമിപ്പിക്കുന്നു.

## അജപാലന-സാമ്പത്തിക സമിതികളുടെ മാർഗരേഖകൾ

'ജനതകളുടെപ്രകാശം' എന്ന ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷനിൽ ഉദ്ബോധിപ്പിക്കുന്നതുപോലെ, അജപാലകരും മറ്റ് വിശ്വാസികളും സഭയുടെ പൊതുതാല്പര്യങ്ങളിലും ഭരണപരമായ കാര്യങ്ങളിലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു (LG 32). അല്മായപങ്കാളിത്തം കൂടുതൽ ഉറപ്പുവരുത്തുന്ന രീതിയിൽ അതിരൂപതയിൽ നിലവിലുള്ള മാർഗരേഖകളെല്ലാം സിനഡിന്റെ വെളിച്ചത്തിൽ പരിഷ്കരിച്ചു പ്രസിദ്ധീകരിക്കുകയാണ്.

അതിരൂപതയുടെ അജപലാന ശുശ്രൂഷയിൽ അതിരൂപതാധ്യക്ഷനെ സഹായിക്കുന്നതിനും അല്മായ വിശ്വാസികളുടെ പങ്ക് സാധ്യമാക്കുന്നതിനുമായി നാം രൂപവത്കരിച്ചിട്ടുള്ള അതിരൂപതാ അജപാലനസമിതിയും (Archdiocesan Pastoral Council) ഇടവകയുടെ പൊതുജീവിതത്തിലും പ്രേഷിതപ്രവർത്തനങ്ങളിലും ഇടവകവികാരിയോടു ചേർന്നു പ്രവർത്തിക്കാനും പങ്കാളികളാകാനുമുള്ള ഇടവകപ്രതിനിധികളുടെ സമൂഹമായ ഇടവകഅജപാലനസമിതിയും (Parish Pastoral Council) അതിരൂപതാസിനഡിന്റെ വെളിച്ചത്തിൽ കാലോചിതമായി നവീകരിച്ചുകൊണ്ട് നാമിപ്പോൾ മാർഗരേഖകൾ പ്രസിദ്ധീകരിക്കുന്നു.

കൂടാതെ, അതിരൂപതാ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ പങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്തിക്കൊണ്ട് അതിരൂപതാധ്യക്ഷനെ സാമ്പത്തികകാര്യങ്ങളിൽ സഹായിക്കുന്നതിനായി കാനോൻ നിയമം 492-ൽ പറഞ്ഞിരിക്കുന്നപ്രകാരം അതിരൂപതാസാമ്പത്തികകാര്യസമിതിയും (Archdiocesan Finance Council), ഇടവകയുടെ സമഗ്രവളർച്ചയ്ക്ക് ഇടവകയിലെ എല്ലാ വിശ്വാസികളുടെയും സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടെ ഇടവകയുടെ സ്ഥാവരജംഗമവസ്തുക്കളുടെ ഭരണനിർവഹണം നടത്തുന്നതിന് ഇടവകവികാരിയെ സഹായിക്കുന്നതിനായി കാനോൻനിയമം 537-ൽ പ്രതിപാദിക്കുന്നതിനനുസരിച്ച് ഇടവകസാമ്പത്തിക കാര്യസമിതിയും (Parish Finance Council) നാം രൂപീകരിക്കുകയും അവയുടെ മാർഗരേഖകൾ പ്രസിദ്ധീകരിക്കുകയുമാണ്. അതിനാൽ, വരുംനാളുകളിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥിരം വൈദികർ താമസിച്ച് ശുശ്രൂഷചെയ്യുന്ന മറ്റ് ദേവാലയങ്ങളിലും ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പുതിയ മാർഗരേഖയനുസരിച്ച് ഇടവക അജപാലന സമിതിയും ഇടവക സാമ്പത്തികകാര്യസമിതിയും 2016 ഡിസംബർ 25നു മുൻപായി രൂപീകരിച്ച് നടപ്പിലാക്കണമെന്ന് പ്രത്യേകം ഞാൻ അഭ്യർത്ഥിക്കുന്നു.

ഇതിനെത്തുടർന്ന്, കൊമ്പ്രേര്യ, തിരുനാളാഘോഷങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖകളും വിവിധകമ്മീഷനുകളുടെ മാർഗരേഖകളും അതിരൂപതാസിനഡ് ഓഫീസുവഴി സമയബന്ധിതമായി നാം

പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ, സിനഡിൽ പാസാക്കിയതും അതിരൂപതാധ്യക്ഷനെന്ന നിലയിൽ ഞാൻ ഒപ്പുവച്ച് അംഗീകരിച്ചതുമായ നൈയാമികവും നയപരവുമായ നിർദേശങ്ങളുടെ വെളിച്ചത്തിൽ, അതിരൂപതയിൽ നിലവിലുള്ള മറ്റെല്ലാ നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കുകയും ഡിക്രിയായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട് എന്നുള്ള കാര്യവും നിങ്ങളെ ഞാൻ സന്തോഷുപൂർവം അറിയിക്കുന്നു.

## ബോധവൽക്കരണ ക്ലാസുകൾ

അതിരൂപതാ സിനഡിനെ തുടർന്ന് നാം രൂപവത്കരിച്ചിട്ടുള്ള ശുശ്രൂഷാസമിതികൾ, സംവിധാനങ്ങൾ, കമ്മീഷനുകൾ എന്നിവയെക്കുറിച്ച് വിശ്വാസിസമൂഹത്തെ ബോധവത്കരിക്കുന്നതിന് അതിരൂപതാ സിനഡ് പോസ്റ്റ് കോർഡിനേറ്റർ ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചന്റെ നേതൃത്വത്തിൽ അതിരൂപതാ-ഫൊറോനതലങ്ങളിലും ഇടവകതലങ്ങളിലും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോരുത്തർക്കും അവരവരുടെ പ്രവർത്തനമേഖലകൾ കൃത്യമായി മനസിലാക്കിക്കൊണ്ട് വിശ്വാസചൈതന്യത്തോടും ശുശ്രൂഷാ മനോഭാവത്തോടുംകൂടെ സഭയുടെ അജപാലനപരവും ഭരണപരവുമായ ശുശ്രൂഷകൾ ഏറ്റെടുക്കാനും പങ്കാളിത്തത്തോടും കൂട്ടുത്തരവാദിത്വത്തോടും സുതാര്യതയോടും കൂടെ പ്രവർത്തിക്കുന്നതിന് ഇത്തരം ബോധവത്ക്കരണ ക്ലാസ്സുകൾ സഹായിക്കും.

അവസാനമായി, പങ്കാളിത്ത സഭ എന്ന നിലയിൽ അതിരൂപതാ സിനഡിനോടനുബന്ധിച്ച് അതിരൂപതയിലാകമാനം വന്നിട്ടുള്ള ഉണർവും തീക്ഷ്ണതയും നമുക്കേവർക്കും സന്തോഷം പകരുന്നതാണ്. സിനഡു നിർദേശങ്ങളുടെ വെളിച്ചത്തിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പരിഷ്കരണ പ്രവർത്തനങ്ങളിലും നിങ്ങളുടെ ഏവരുടെയും കലവറയില്ലാത്ത സഹകരണവും പിന്തുണയും ഉണ്ടായിട്ടുണ്ട്. സിനഡിലൂടെ നമ്മൾ ലക്ഷ്യംവച്ച കാര്യങ്ങളെല്ലാം പൂർത്തീകരിക്കപ്പെടുന്നതുവരെയും തുടർന്നും ഈ സഹകരണവും പ്രാർത്ഥനയും ഉണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ഒരേ ഹൃദയത്തോടും പ്രത്യാശയോടുംകൂടെ നവജീവനിലേക്കുള്ള ഈ തീർത്ഥാടനത്തിൽ നമുക്കു ഒരുമിച്ചു മുന്നേറാം.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,

എറണാകുളം ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
20.07.2016 വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്താലീത്ത

---

N.B.: ഈ ഇടയലേഖനം 2016 ജൂലൈ 31-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**VOL. XXXXIX/FK- 96** **2016 JULY 20** **NO. 9**


## PASTORAL LETTER

## വല്ലാർപാടം തീർത്ഥാടനം

*യേശുവിൽ പ്രിയ സഹോദര വൈദീകരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

2016 സെപ്തംബർ 11-ാം തീയതി ഞായറാഴ്ച ഈ വർഷത്തെ വല്ലാർപാടം മരിയൻ തീർത്ഥാടനം നാം നടത്തുകയാണ്. തീർത്ഥാടനത്തിനു മുന്നോടിയായി പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ഛായാചിത്രപ്രയാണവും വല്ലാർപാടം മരിയൻ കൺവെൻഷനും നാം സംഘടിപ്പിക്കുന്നുണ്ട്. അതിരൂപതാ കുടുംബം ഒന്നായി പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുസന്നിധിയിലേക്ക് നടന്നു നീങ്ങുന്ന കാഴ്ച മനോഹരവും ഭക്തിനിർഭരവുമാണ്. ഓരോ തീർത്ഥാടനവും മനുഷ്യാത്മാവിന് നേടിത്തരുന്ന പുത്തൻ അഭിഷേകവും ചൈതന്യവും ജീവിതത്തിന് നാമറിയാതെതന്നെ ദിശാബോധം നല്കുന്നുണ്ട്. കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ കരുണയുടെ കവാടങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ദൈവാലയങ്ങൾ നാം സന്ദർശിക്കാറുണ്ട്. അതിനാൽ കരുണയുടെ കവാടമുള്ള വല്ലാർപാടം ബസിലിക്ക

യിലേക്കുള്ള മരിയൻ തീർത്ഥാടനത്തിന് ഈ വർഷം കൂടുതൽ തനിമയും പുതുമയും പ്രസക്തിയുമുണ്ട്.

തീർത്ഥാടനത്തിന് ഒരു രക്ഷാകരമായ മാനമുണ്ട്. ഓരോ തീർത്ഥാടനവും ദൈവസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും രക്ഷാകര അനുഭവമാണ്. ബാഹ്യമായ ഈ അനുഷ്ഠാനങ്ങളിലൂടെ നമ്മോടുതന്നെയും ലോകം മുഴുവനോടും നാം പ്രഖ്യാപിക്കുന്ന ഒരു യാഥാർത്ഥ്യം, സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കി നടന്നുനീങ്ങുന്ന തീർത്ഥാടകരാണ് നാം എന്നതാണ്. അതോടൊപ്പം നമ്മുടെ സങ്കുചിത മനഃസ്ഥിതിയൊക്കെ മാറ്റിവെച്ച് സഹജീവികളുടെ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള വലിയ മനസ്സിന്റെ ഉടമകളാക്കി തീർക്കുന്നുണ്ട് ഇത്തരം വിശുദ്ധമായ സംഘയാത്രകൾ. ഇത്തരം സാഹോദര്യ അനുഭവങ്ങളിലൂടെ, കുടുംബത്തിൽ, ഇടവകയിൽ, സമൂഹത്തിൽ, ജോലി രംഗങ്ങളിലെല്ലാം ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ സാക്ഷികളായി മാറാൻ നമുക്കു കഴിയും. മറ്റുള്ളവരിലേക്ക് ദൈവത്തിന്റെ കരുണ രൂപം ധരിച്ച് ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ നാം കടന്നുചെല്ലുമ്പോൾ ദൈവകരുണയുടെ മുഖം യേശുനാഥൻ കാണിച്ചു തന്നപോലെ പ്രതിഫലിപ്പിക്കാൻ നമുക്കു കഴിയും.

സഹായഹസ്തവുമായി കരുണയുടെ നനവുള്ള മിഴികളോടെ സഹജീവികളിലേക്ക് ഇറങ്ങിത്തിരിച്ചവളാണ് പരിശുദ്ധകന്യകാമറിയമെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. പരിശുദ്ധ അമ്മ ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഒരു തീർത്ഥാടകയാണ്. യൂദായിലെ മലഞ്ചരുവിലേക്ക് ചാർച്ചക്കാരിയായ എലിസബത്തിനെ സഹായിക്കാൻ തന്റെ ഉദരത്തിലും ഹൃദയത്തിലും തുടിക്കുന്ന യേശുനാഥനുമായി മറിയം കടന്നുചെല്ലുന്ന മഹനീയ സംഭവം (ലൂക്കാ 1:39); ആ സന്ദർശനം എലിസബത്തിന് നല്കുന്ന ദിവ്യാനുഭവം (ലൂക്കാ 1:40–45) ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്. കാനായിലെ കല്യാണവിരുന്നിൽ പങ്കെടുക്കാൻ പരിശുദ്ധ അമ്മ ദൈവാത്മാവാൽ പ്രേരിതയായി എത്തിച്ചേരുന്നതും, ആ കുടുംബത്തിനുവേണ്ടി തന്റെ പുത്രനോട് മാദ്ധ്യസ്ഥം വഹിക്കുന്നതിലെ കാരുണ്യവും യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്നു (യോഹ. 2:1–12). യേശുവിന്റെ കുരിശിൻചുവട്ടിലും കരുണയുടെ നനവുള്ള മിഴികളോടെ മനുഷ്യവർഗ്ഗത്തിന് മുഴുവൻ അമ്മയായിത്തീ

രാൻ മകൻ ഏല്പിച്ച ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് കരുണയുടെ സാക്ഷ്യമായി മറിയം നില്ക്കുന്നതും നാം കാണുന്നുണ്ട് (യോഹ 19:25-27). ഇത്രമാത്രം അലിവുള്ള അമ്മയുടെ പക്കലേക്ക് നാം പ്രത്യാശയോടെ അണയുമ്പോൾ ആ അമ്മ ഒരിക്കലും നമ്മെ ഉപേക്ഷിക്കില്ല എന്നുള്ളത് സുനിശ്ചിതമാണ്.

മനുഷ്യജീവന് തെല്ലും വില കല്പിക്കാത്ത തിന്മയുടെ ശക്തികൾ കൊടികുത്തി വാഴുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വമില്ലാത്ത ഒരു യുഗം, സാമൂഹ്യമാധ്യമങ്ങളിൽ ഒത്തിരി സമയം ചെലവഴിച്ച് അത് നല്കുന്ന മാസ്മരികതയുടെ പിന്നാലെ പായുന്ന ലോകം, ഭീകരാക്രമണം, മദ്യം, മയക്കുമരുന്ന് എന്നിവ മനുഷ്യജീവിതങ്ങളെ തച്ചുടയ്ക്കുന്ന ദയനീയ ദൃശ്യം. ഇപ്രകാരം അസമത്വവും അസമാധാനവും നമ്മുടെ ജീവിതങ്ങൾ അസ്വസ്ഥമാക്കുമ്പോൾ കാരുണ്യത്തിന്റെയും സാന്ത്വനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും കവചംതീർത്ത്, സ്നേഹത്തിന്റെയും സമൃദ്ധിയുടെയും വീഞ്ഞ് നല്കി കുറവുകൾ നിറവാക്കുന്ന പരിശുദ്ധ അമ്മയുടെ സാന്നിധ്യം തേടിയുള്ള ഈ യാത്ര നമുക്കേവർക്കും ഒരു പുതിയ കാനാ അനുഭവം സമ്മാനിക്കാതിരിക്കില്ല. നമ്മുടെ ജീവിത തീർത്ഥാടനങ്ങൾ ധന്യമാക്കാൻ അമ്മയുടെ കരംപിടിക്കാം. മരിയൻ തീർത്ഥാടനത്തിൽ മാത്രമല്ല സ്വർഗ്ഗീയ ജറുസലേം ലക്ഷ്യമാക്കിയുള്ള തീർത്ഥാടനത്തിലും നമുക്ക് പരിശുദ്ധ അമ്മയുടെ കരംപിടിക്കാം. പരിശുദ്ധ വല്ലാർപാടത്തമ്മ നമ്മെ അനുഗ്രഹിക്കട്ടെ.

## വല്ലാർപാടം തീർത്ഥാടന കാര്യക്രമം

2016 സെപ്തംബർ 11-ാം തീയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസീസ് അസ്സീസി കത്തീഡ്രലിൽനിന്നും, 3.30ന് വൈപ്പിനിൽ ഗോശ്രീ പാലങ്ങൾ തുടങ്ങുന്ന വല്ലാർപാടം ജംഗ്ഷനിൽ നിന്നും വല്ലാർപാടം തീർത്ഥാടനം ആരംഭിക്കുന്നു. നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും, സന്ന്യസ്തരും, അല്മായരും ഒരുമിച്ച് ചേർന്ന് ഒരു കുടുംബമെന്നോണം അന്ന് വൈകുന്നേരം 4.30 ന് വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ ദിവ്യബലിയർപ്പിക്കുന്നു. ദിവ്യബലിയെ തുടർന്ന് എല്ലാ വൈദീകരേയും സന്ന്യസ്തരേയും വിശ്വാസസമൂഹത്തേയും പരിശുദ്ധ വല്ലാർപാടത്തമ്മയ്ക്ക് അടിമസമർപ്പണം ചെയ്ത് പ്രത്യേകം പ്രാർത്ഥിക്കുന്നു. വല്ലാർപാടം

തീർത്ഥാടനത്തിന് അതിരൂപതാംഗങ്ങളായ നമുക്കെല്ലാവർക്കും പങ്കെടുക്കാൻ സൗകര്യം ലഭിക്കുംവിധം, അന്ന് ഉച്ചയ്ക്കുശേഷം നമ്മുടെ ദൈവാലയങ്ങളിൽ തിരുക്കർമ്മങ്ങളൊന്നും നടത്താൻ പാടില്ലാത്തതാകുന്നു. കുടുംബയോഗങ്ങളും, കുടുംബയൂണിറ്റ് വാർഷികങ്ങളും മറ്റു പരിപാടികളും മാറ്റിവയ്ക്കുകയും എല്ലാവർക്കും വല്ലാർപാടം തീർത്ഥാടനത്തിൽ സകുടുംബം പങ്കുചേരാൻ അവസരമൊരുക്കുകയും ചെയ്യണം. എല്ലാ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വിശ്വാസികൾ വല്ലാർപാടം തീർത്ഥാടനത്തിൽ പങ്കുചേർന്ന് പ്രാർത്ഥിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## ഛായാചിത്രപ്രയാണം

വല്ലാർപാടം തീർത്ഥാടനത്തിനു മുന്നോടിയായി കഴിഞ്ഞവർഷം വിജയകരമായി നാം നടത്തിയപോലെ ഈ വർഷവും പരിശുദ്ധ അമ്മയുടെ ഛായാചിത്രപ്രയാണം നാം സംഘടിപ്പിക്കുന്നു. പരിശുദ്ധ വല്ലാർപാടത്തമ്മയുടെ മനോജ്ഞമായ ഛായാചിത്രം 2016 ആഗസ്റ്റ് 21 ഞായറാഴ്ച മുതൽ 28-ാം തീയതി ഞായറാഴ്ചവരെ നമ്മുടെ അതിരൂപതയിലെ 8 ഫൊറോനകളിലൂടെയും കടന്നുവരുന്നു. കരുണയുടെ ഈ വിശുദ്ധ ജൂബിലി വർഷത്തിൽ കാരുണ്യത്തിന്റെ മാതൃകയായ പരിശുദ്ധ അമ്മ കടന്നുവരുമ്പോൾ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും എല്ലാ മരിയഭക്തരും പങ്കുചേരണമെന്നും ഇതിന്റെ വിജയത്തിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ഛായാചിത്രം എത്തുന്ന ദൈവാലയങ്ങളിൽ അഖണ്ഡജപമാല സമർപ്പണവും ഉണ്ടായിരിക്കുന്നതാണ്.

## വല്ലാർപാടം മരിയൻ കൺവെൻഷൻ

2016 സെപ്തംബർ 4 മുതൽ 8 വരെ വല്ലാർപാടം തീർത്ഥാടനകേന്ദ്രത്തിൽവച്ച് നടത്തുന്ന കൺവെൻഷനിലേക്കും നിങ്ങളെ ഏവരേയും ഇത്തരുണത്തിൽ ഞാൻ സ്വാഗതം ചെയ്യുന്നു. 'സ്നേഹത്തിന്റെ സന്തോഷം' (Amoris Laetitia) എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലികാഹ്വാനത്തിൽ കുടുംബനവീകരണത്തിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. കുടുംബനവീകരണം ലക്ഷ്യമാക്കി നാം സംഘടിപ്പിക്കുന്ന ഈ കൺവെൻഷൻ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ ബഹു

മാനപ്പെട്ട വൈദീകരാണ് നയിക്കുന്നത്. എല്ലാ ദിവസവും വൈകുന്നേരം 4 മുതൽ 9 മണിവരെയായിരിക്കും കൺവെൻഷൻ. അതിരൂപതാ ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ കൺവെൻഷനിൽ പങ്കുചേർന്ന് കുടുംബനവീകരണ ദൗത്യത്തിൽ വ്യാപരിക്കാൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യാം.

## ഒക്ടോബർ മാസം - ജപമാല മാസാചരണം

ജപമാല ദൈവികസംരക്ഷണത്തിന്റെയും മാതൃസ്നേഹത്തിന്റെയും ഓർമ്മപ്പെടുത്തലിന്റെയും പ്രതീകമാണ്. ദീർഘയാത്രകൾക്കിടയിലും സാധാരണസവാരികൾക്കിടയിലും ജോലിയുടെ ഇടവേളകളിലുമൊക്കെ ധ്യാനപൂർവ്വം കൊന്തചൊല്ലി പ്രാർത്ഥിക്കുന്ന ധാരാളം പേർ നമ്മുടെ ചുറ്റുമുണ്ട്. യുവജനങ്ങളിൽപോലും ഇക്കാലത്ത് ജപമാലയർപ്പണം നന്നായി നടക്കുന്നുവെന്നത് സന്തോഷകരമായ ഒരു വസ്തുതയാണ്. നമ്മുടെ ഇടവക ദൈവാലയങ്ങളിലെ ഒക്ടോബർമാസത്തിലുള്ള ജപമാല ആചരണം വർഷംതോറും കൂടുതൽ അനുഭവവേദ്യമാകുന്നു എന്നത് അതിരൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ എനിക്ക് സന്തോഷം നല്കുന്നു. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നപോലെ ജപമാലയർപ്പണം വെറും ഒരു അധരവ്യായാമമായി മാറി പോകരുത്. അത് ഒരേ സമയം പ്രാർത്ഥനയും ധ്യാനവും വിചിന്തനവുമാണ്. മറിയത്തെപ്പോലെ വിശ്വാസിക്കാനും, സ്നേഹിക്കാനും സഹിക്കാനും, ത്യജിക്കാനും കാരുണ്യപ്രവൃത്തിചെയ്യാനുമൊക്കെയുള്ള പ്രചോദനം ജപമാലയർപ്പണത്തിൽനിന്ന് നാം സ്വായത്തമാക്കണം. ജപമാലയെ കേവലമൊരു ആഭരണമായി കരുതുന്ന പ്രവണത ശരിയല്ല. ഇടവകയിലെ ജപമാല ആചരണദിനങ്ങളിൽ വൃദ്ധജനങ്ങളേയും, മക്കളാൽ തിരസ്കരിക്കപ്പെട്ട മാതാപിതാക്കന്മാരേയും, രോഗങ്ങളാൽ വലയുന്നവരേയും ഈയവസരത്തിൽ പ്രത്യേകം സമർപ്പിച്ചുകൊണ്ട് ഓരോ ദിനത്തിലെയും ജപമാലയർപ്പണം നമുക്ക് കൂടുതൽ അർത്ഥസമ്പുഷ്ടമാക്കാം. എല്ലാവരേയും ജപമാല രാജ്ഞിയായ പരിശുദ്ധ കന്യകമറിയം എന്നും കാത്തുപരിപാലിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2016 സെപ്തംബർ 8-ാം തീയതി ആഗതമാകുന്ന പരിശുദ്ധ കന്യകമറിയത്തിന്റെ ജനനതിരുനാളിന്റെ എല്ലാവിധ ദൈവാനുഗ്രഹങ്ങളും

നേർന്നുകൊണ്ട് എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,

എറണാകുളം ✠ ***ഫ്രാൻസിസ് കല്ലറക്കൽ***
**20.07.2016** വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്താലീത്ത

---

N.B.: ഈ ഇടയലേഖനം 2016 ആഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

## സർക്കുലർ - 19

# ജസ്റ്റിസ് സൺഡേ 2016

### ആഗസ്റ്റ് 21 ഞായർ

*യേശുവിൽ പ്രിയ വൈദികസഹോദരരേ,*
*സന്ന്യാസ സഹോദരന്മാരേ, സഹോദരിമാരേ, വത്സല മക്കളേ,*

2016 ആഗസ്റ്റ് 21-ാം തീയതി നാം ജസ്റ്റിസ് സൺഡേ ആചരിക്കുന്നു. ഇതോടനുബന്ധിച്ച് ഒരു സർക്കുലർ കെ.സി.ബി.സി SC/ST/BC കമ്മീഷൻ നൽകിയിട്ടുണ്ട്. 2016 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേദിനം ദിവ്യബലി മദ്ധ്യേ നാം നൽകുന്ന സംഭാവനകൾ ദളിത് ക്രൈസ്തവർക്കുവേണ്ടി നൽകുന്നതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്,

എറണാകുളം
20.07.2016

✠ ***ഫ്രാൻസിസ് കല്ലറക്കൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യ വൈദികരേ, പ്രിയ സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

ഫ്രാൻസിസ് പാപ്പ 'കരുണയുടെ മുഖം' എന്ന പ്രബോധനത്തിൽ കരുണയുടെ ജൂബിലി ആഘോഷിക്കേണ്ടത് എപ്രകാരമാണെന്ന് നമ്മെ പഠിപ്പിക്കുന്നു. ആധുനികസമൂഹം അരികുകളിലേക്ക് വലിച്ചെറിഞ്ഞ നമ്മുടെ സഹോദരങ്ങളെ കരുണയുടെ കണ്ണുകളിലൂടെ നോക്കിക്കാണാം. ആഴമായ മുറിവുകളും ദുസ്സഹമായ വേദനകളും തികഞ്ഞ അവഗണനകളും അനിശ്ചിതത്വങ്ങളും നിറഞ്ഞ അവരുടെ ജീവിതങ്ങളി

ലേക്ക് നമുക്ക് ഇറങ്ങിച്ചെല്ലാം. കരുണയുടെ തൈലം പുരട്ടി അവരുടെ മുറിവുകൾ വച്ചുകെട്ടുകയും അവരോടുള്ള ഐക്യദാർഢ്യവും കരുതലും പ്രകടമാക്കിക്കൊണ്ട് നമ്മുടെ സാന്നിദ്ധ്യവും സ്നേഹസാഹോദര്യവും അവർക്ക് പകർന്നു നല്കാം. മനുഷ്യ മഹത്വവും തുല്യ പരിഗണനയും അന്യായമായി നിഷേധിക്കപ്പെട്ടിരിക്കുന്ന അവരോടൊപ്പം നിന്നുകൊണ്ട് അവരുടെ സഹനങ്ങളിൽ നമുക്ക് സാന്ത്വനമാകാം. അവരുടെ നിലവിളികൾ നമ്മുടേതാകട്ടെ. അവർക്കെതിരെ ഉയരുന്ന നിസ്സംഗതയുടെയും വിവേചനത്തിന്റെയും കാപട്യത്തിന്റെയും വൻമതിലുകൾ നമുക്കൊരുമിച്ചുനിന്ന് തച്ചുടയ്ക്കാം. (ഖണ്ഡിക 15) ഭാരതത്തെ സംബന്ധിച്ചിടത്തോളം മാർപാപ്പ നമുക്ക് കാണിച്ചുതരുന്നതും നമ്മുടെ പരിഗണന ഏറ്റവും കൂടുതൽ അർഹിക്കുന്നതും ദലിത് ക്രൈസ്തവരാണ്.

നമ്മുടെ മാതൃരാജ്യം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 വർഷം തികയുകയാണ്. എന്നാൽ ദലിത് ക്രൈസ്തവർ പിറന്ന നാട്ടിൽ ഇന്നും നീതിക്കുവേണ്ടി കേഴുകയാണ്. മതേതര ജനാധിപത്യരാജ്യമായ ഭാരതത്തിൽ ഒരു പൗരന് ഏതു മതവും സ്വീകരിക്കുവാനുള്ള അവകാശമുണ്ട്. മതത്തിന്റെ പേരിൽ പൗരാവകാശങ്ങളോ ആനുകൂല്യങ്ങളോ നിഷേധിക്കുവാൻ പാടുള്ളതല്ല. ദാദാ സാഹിബ് അംബേദ്കർ നേതൃത്വം നല്കി തയ്യാറാക്കിയ ഭാരതത്തിന്റെ ഭരണഘടന എല്ലാവിഭാഗം പട്ടികജാതിക്കാർക്കും അവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസപുരോഗതികൾക്കായി തുല്യസംവരണം ഉറപ്പാക്കുന്ന ഒന്നായിരുന്നു. എന്നാൽ 1950-ൽ ഒരു പ്രസിഡൻഷ്യൽ ഓർഡറിലൂടെ ഹിന്ദുക്കളല്ലാത്ത പട്ടികജാതിക്കാർക്ക് ലഭിക്കുമായിരുന്ന സംവരണാനുകൂല്യങ്ങൾ നിഷേധിച്ചു. 1956-ൽ സിക്കുമതക്കാർക്കും 1990 -ൽ ബുദ്ധമതക്കാർക്കും സംവരണം പുനഃസ്ഥാപിച്ചു നല്കി. ഇന്നും ക്രിസ്തുമതസ്ഥരും ഇസ്ലാം മതസ്ഥരുമായ ദലിതർ ഈ വിവേചനത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

സംവരണ നിഷേധം ദലിത് ക്രൈസ്തവർക്ക് ഇരട്ടപ്രഹരമാണ് ഏല്പിക്കുന്നത്. വിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും വളരാനും ഉന്നതിപ്രാപിക്കാനുമുള്ള വാതിൽ അടക്കപ്പെടുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യം നിഷേധിക്കുന്നതോടൊപ്പം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാകുന്ന സാമൂഹ്യക്ഷേമ പദ്ധതികളിലെ ജനറൽ കാറ്റഗറി വിഭാഗത്തിൽപോലും അവർക്കവ സരം ലഭിക്കാതെ പോകുന്നു.

സമീപകാലത്തായി കേരളത്തിലും ഭാരതത്തിലെമ്പാടും ദലി തർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും കലാസാംസ്കാരികരംഗങ്ങളിലും കട ന്നുകയറുന്ന ദലിത് വിരുദ്ധശക്തികളെ കർശനമായി നിയന്ത്രിച്ച് ദലി തരുടെ തനിമ നിലനിർത്താൻ സഹായിക്കേണ്ടതാണ്. ഭക്ഷണത്തിന്റെ പേരിലും ആചാരനുഷ്ഠാനങ്ങളുടെ പേരിലും ദലിതരും മതന്യൂനപ ക്ഷങ്ങളും വേട്ടയാടപ്പെടുന്നത് വച്ചു പൊറുപ്പിക്കാനാവില്ല. ദലിത് പിന്നാ ക്കവിഭാഗങ്ങൾ വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാകുകയും സംഘടിച്ച് ശക്തരാകുകയും ജനാധിപത്യവ്യവസ്ഥയുടെ എല്ലാ രംഗങ്ങളിലും എത്തിച്ചേരുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ സാംസ്കാരികപൈ തൃകം നിലനിർത്തിക്കൊണ്ട് കാലത്തിന്റെ മാറ്റങ്ങൾ മനസ്സിലാക്കി ഭാവി കർമ്മപരിപാടികൾ കരുപ്പിടിപ്പിക്കുവാൻ അവർക്ക് കഴിയണം. സഭ കൂടുതൽ ഉത്തരവാദിത്വത്തോടെ ദലിത് ക്രൈസ്തവരോടുള്ള ഐക്യ ദാർഢ്യവും പ്രതിജ്ഞാബദ്ധതയും നവീകരിക്കണം. നീതിക്കുവേണ്ടി യുള്ള പോരാട്ടങ്ങളിൽ ദലിത് ക്രൈസ്തവർ ഒറ്റപ്പെട്ടുപോകാതെ വിവിധ സഭാസമൂഹങ്ങൾ ഒരുമിച്ചുനിന്നുകൊണ്ട് അവരോടൊപ്പം പോരാടണം. ക്രിസ്തുവിന്റെ ശരീരമായ സഭയിലെ ഒരവയവത്തിന്റെ വേദന എല്ലാവരുടേതുമാകണം. അപ്രധാനമെന്നോ ബലഹീനമെന്നോ കരുതപ്പെടുന്നവർക്ക് കൂടുതലായി പ്രത്യേക കരുതലും പരിഗണയും ലഭ്യമാക്കണം (1 കൊറി 12: 12-26) എന്ന പൗലോസ് അപ്പസ്തോ ലന്റെ വാക്കുകൾ നമുക്ക് ശക്തിപകരട്ടെ. സഭാ സംവിധാനങ്ങളിലെ ഉത്തരവാദിത്വങ്ങളിൽ പൂർണമായ പങ്കാളിത്തം ദലിത് സഹോദര ങ്ങൾക്ക് ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. പൊതുസമൂഹ ത്തിന്റെ ഇതരരംഗങ്ങളിൽ മികവുറ്റ സംഭാവനകൾ നല്കാൻ അവരെ പ്രാപ്തരാക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതിനാ വശ്യമായ സമ്പത്ത് ശേഖരിച്ച് നല്കാനും സഭാ സ്ഥാപനങ്ങളിൽ പരി ശീലനപരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പ്രോത്സാഹനവും ശക്തിയും പകർന്നു നല്കുവാനും സഭ സന്നദ്ധമാകണം. വിശ്വാസ ത്തിലുറച്ചുനിന്ന് സഭയിൽ ലഭ്യമാകുന്ന അവസരങ്ങൾ പരമാവധി

പ്രയോജനപ്പെടുത്തി സ്വത്വബോധത്തോടെ വളരാനും സഭയെയും സമുദായത്തെയും ഒരുപോലെ വളർത്താനും ദലിത് ക്രൈസ്തവർ മുന്നോട്ടുവരാൻ ശ്രദ്ധിക്കുകയും ചെയ്യണം. സഭയുടെ ഔദ്യോഗിക ദലിത് കത്തോലിക്കാസംഘടനയായ ഡിസിഎംഎസ് (ദലിത് കത്തോലിക്കാ മഹാജനസഭ)യിൽ അംഗമായി ചേർന്ന് സജീവമായി പ്രവർത്തിക്കാനും സഭാംഗങ്ങളായ എല്ലാ ദലിത് ക്രൈസ്തവരോടും അഭ്യർത്ഥിക്കുന്നു.

ഭാരത കത്തോലിക്കാ മെത്രാൻസമിതിയുടെ ആഹ്വാനപ്രകാരം സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ ആയി ആചരിക്കുകയാണ്. 2016 ആഗസ്റ്റ് 21-ന് നമ്മുടെ എല്ലാ രൂപതകളിലെ ഇടവകകളിലും ദലിത് ക്രൈസ്തവരോടുള്ള ആഭിമുഖ്യം പ്രകടമാക്കുന്ന പ്രത്യേകപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പ്രാർത്ഥനാശുശ്രൂഷകൾ, ബോധവത്ക്കരണക്ലാസ്സുകൾ, പ്രതിഷേധപ്രകടനങ്ങൾ, ദലിത്ക്രൈസ്തവകൂട്ടായ്മകൾ, ക്ഷേമപ്രവർത്തനങ്ങളുടെ വിതരണം തുടങ്ങിയ കർമ്മപരിപാടികൾ ഇവയിൽ ഉൾപ്പെടുത്താവുന്നതാണ്. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച എടുത്ത് ദലിത് ക്രൈസ്തവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി KCBC SC/ST/BC കമ്മീഷന് നല്കേണ്ടതാണ്. കരുണയുടെ ജൂബിലി വർഷത്തിൽ നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക 6:36) എന്ന യേശുനാഥന്റെ തിരുവചനം ദലിതരോട് നമ്മൾ കാണിക്കുന്ന കാരുണ്യമായി സാക്ഷാത്ക്കരിക്കപ്പെടട്ടെ. ദൈവം നിങ്ങളേവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

## CIRCULAR - 19

## അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവിന്റെ 7–ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

അഭിവന്ദ്യ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് ദിവംഗതനായിട്ട് 2016 ഒക്ടോബർ 26–ാം തീയതി ഏഴു വർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ഒക്ടോബർ 26–ാം തീയതി ബുധനാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് പരേതസ്മരണ ദിവ്യബലിയും തുടർന്ന് കബറിടത്തിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുകർമങ്ങളിൽ പങ്കുചേർന്ന് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം
20.07.2016

✠ **ഫ്രാൻസിസ് കല്ലറയ്ക്കൽ**
വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21